# 17-ാമത് വാർഷിക കലശ മഹോത്സവം
# 1190 മിഥുന മാസം 14 തിങ്കളാഴ്ച (2015 ജൂൺ മാസം 29)

പ്രിയ ഭക്തജനങ്ങളെ,

ഗാന്ധിനഗർ അയ്യപ്പ പൂജാസമിതിയുടെ ആഭിമുഖ്യത്തിൽ ഗാന്ധിനഗർ അയ്യപ്പ ക്ഷേത്രത്തിലെ പതിനേഴാമത് വാർഷിക കലശ മഹോത്സവം 1190 മിഥുന മാസം 14 തിങ്കളാഴ്ച (2015 ജൂൺ മാസം 29) ന് തന്ത്രിമുഖ്യൻ ബ്രഹ്മശ്രീ പുതുമന ശ്രീധരൻ നമ്പൂതിരിയാൽ നിയുക്തനായ ശ്രീമാൻ രതീഷ് നമ്പൂതിരിയുടെ മുഖ്യ കാർമ്മികത്വത്തിൽ ഭക്തിനിർഭരമായ വിവിധ പൂജാവിധികളോടെ ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിക്കട്ടെ.

## കാര്യപരിപാടികൾ

| | | |
|---|---|---|
| രാവിലെ | 5.00 ന് | പള്ളിയുണർത്തൽ, പ്രഭാതഭേരി, നടതുറക്കൽ, നിർമ്മാല്യ ദർശ്ശനം, അഭിഷേകം |
| | 6.00 ന് | അഷ്ഠദ്രവ്യ സഹിതം മഹാഗണപതിഹോമം |
| | 6.15 ന് | മഹിളാസംഘം അവതരിപ്പിക്കുന്ന ജ്ഞാനപ്പാന |
| | 7.00 മുതൽ | ഗുരുപൂജ, മഹാദേവന് വിശേഷാൽ പൂജ, ശ്രീ. അയ്യപ്പന് പഞ്ചഗവ്യ കലശപൂജ, നവകലശപൂജ, കളഭപൂജ, ഉപദേവതകളായ ഗണപതി, ദുർഗ്ഗാദേവി, ഹനുമാൻ സ്വാമി എന്നിവർക്ക് കലശപൂജകൾ, ശേഷം പഞ്ചഗവ്യ കലശാഭിഷേകം, നവകലശാഭിഷേകം, കളഭാഭിഷേകം, ഉച്ചപൂജ, സർപ്പദേവതകൾക്ക് നൂറും പാലും തർപ്പണം |
| | ശ്രീ അയിലൂർ രാമകൃഷ്ണനും സംഘവും അവതരിപ്പിക്കുന്ന വാദ്യമേളങ്ങൾ പ്രസ്തുത പുജാവിധികളോടൊപ്പം ഉണ്ടായിരിക്കുന്നതാണ്. | |
| ഉച്ചയ്ക്ക് | 1.00 മുതൽ 2.30 വരെ | പ്രസാദമൂട്ട് (അന്നദാനം) -- വഴിപാടായി സമർപ്പിക്കുന്നത് അനുഷ്ക നിഷിത്, **(C/o. Nishit Nandan)**, സെക്ടർ-27 |
| വൈകിട്ട് | 7.00 മുതൽ | മഹാദീപാരാധന -- ചുറ്റുവിളക്ക്, നിറമാല എന്നിവ വഴിപാടായി സമർപ്പിക്കുന്നത് ശ്രീമാൻ ശിവദാസൻ നായർ, സെക്ടർ 3-ഡി. |
| | 8.00 മണി മുതൽ | കലാമണ്ഡലം ശ്രീകല വാര്യർ, ശ്രീമതി പ്രതിഭാ വർമ്മയും സംഘം എന്നിവർ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ |

അഷ്ഠദ്രവ്യ മഹാഗണപതിഹോമം, കലശപൂജ എന്നിവ വഴിപാടായി നടത്തുവാൻ ആഗ്രഹിക്കുന്ന ഭക്തജനങ്ങൾ പേരും, നാളും, യഥാക്രമം 200 രൂപ, 100 രൂപ എന്നിവ നൽകി കാലേകൂട്ടി ബുക്കു ചെയ്യേണ്ടതാണ്.

വാർഷിക കലശ മഹോത്സവം, പറയ്ക്കെഴുന്നെള്ളത്ത് ശോഭായാത്ര, മറ്റ് വിശേഷാൽ പൂജകൾ, അന്നദാനം തുടങ്ങിയ ഭക്തിനിർഭരമായ എല്ലാ ചടങ്ങുകളിലും പങ്കെടുത്ത് പ്രസ്തുത സംരംഭങ്ങൾ പരിപൂർണ്ണമായി വിജയിപ്പിച്ച് ശ്രീ. ധർമ്മശാസ്താവിന്റെ അനുഗ്രഹാശിസ്സുകൾ നേടുവാൻ വിനീതമായി അഭ്യർത്ഥിച്ചു കൊണ്ട്,

ഗാന്ധിനഗർ അയ്യപ്പ പൂജാസമിതിക്കു വേണ്ടി,

| | |
|---|---|
| പി. വിജയൻ പിള്ള | പി.പി. പിള്ള |
| പ്രസിഡന്റ് | സെക്രട്ടറി |